<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138</u> <u>09-02-2023 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണൂർ ജില്ല ആശുപത്രിയുടെ സമഗ്ര വികസനത്തിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവണ്മെന്റ് ജില്ല ആശുപത്രിയിൽ രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരും മറ്റ് ജീവനക്കാരും ഇല്ലാത്തതിനാൽ രോഗികൾക്ക് വലിയ പ്രയാസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ ആശുപത്രിയിൽ നിലവിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ നിന്നുള്ള സേവനം നല്ല രീതിയിൽ ലഭ്യമാക്കുന്നുണ്ട്. സ്ഥിരം തസ്തികകൾ ഇല്ലെങ്കിലും സൂപ്പർസ്പെഷ്യാലിറ്റി യോഗ്യതകൾ ഉള്ള ഡോക്ടർമാരെ മറ്റ് ആശുപത്രികളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് മുഖാന്തിരവും NHM മുഖാന്തിരവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ അവശ്യം വേണ്ടിവരുന്ന സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സൂപ്പർ സ്പെഷ്യാലിറ്റി മേഖലയിൽ തസ്തിക ഇല്ലാത്തത് കാരണം കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിൽ അസിസ്റ്റന്റ് സർജന്മാർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ എത്രയും വേഗം ഈ മേഖലകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ ആശുപത്രിയിൽ നിലവിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ നിന്നുള്ള സേവനം നല്ല രീതിയിൽ ലഭ്യമാക്കുന്നുണ്ട്. സ്ഥിരം തസ്തികകൾ ഇല്ലെങ്കിലും സൂപ്പർസ്പെഷ്യാലിറ്റി യോഗ്യതകൾ ഉള്ള ഡോക്ടർമാരെ മറ്റ് ആശുപത്രികളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് മുഖാന്തിരവും NHM മുഖാന്തിരവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ അവശ്യം വേണ്ടിവരുന്ന സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കണ്ണൂർ ജില്ല ആശുപത്രിയുടെ സമഗ്ര വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കണ്ണൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 57 കോടി രൂപ ചെലവിൽ പുതിയ കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിവരുന്നു. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വേണ്ടി RBSK, ആരോഗ്യ കിരണം, JSSK, JSY, മെഡിസെപ്പ്, KASP, ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന എക്സ്റേ, സി.ടി.സ്കാൻ, ലബോറട്ടറി, ഫാർമസി, ഇ.സി.ജി, ട്രോമ കെയർ യൂണിറ്റ് എന്നിവയുടെ സേവനം ലഭ്യമാണ്. എൻ.എച്ച്.എം, എച്ച്.എം.സി, കെ.എ.എസ്.പി തുടങ്ങിയ പദ്ധതികൾ പ്രകാരം ആവശ്യാനുസരണം താത്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ